REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 31-05-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വദിന മധ്യപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.**
- **അസംസ്കൃത പാചക വാതക എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ കേന്ദ്ര ഗവൺമെന്റ് പത്ത് ശതമാനമായി കുറച്ചു.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കൊല്ലം, കോട്ടയം, ഇടുക്കി ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **ഏഴിമല നാവിക അക്കാഡമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അൽപസമയത്തിനകം തുടങ്ങും.**
- **ഇന്ന് ലോക പുകയില വിരുദ്ധ ദിനം.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് രണ്ടാം ക്വാളിഫയറിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വദിന മധ്യപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ദേവി അഹല്യഭായ് ഹോൾക്കറുടെ 300-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, ഭോപ്പാലിൽ നടക്കുന്ന മഹിളാ സശക്തികരൺ മഹാസമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും.

കൂടാതെ നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നരേന്ദ്ര മോദി നിർവഹിക്കും. ദാതിയ, സത്ന വിമാനത്താവളങ്ങൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി ക്ഷിപ്ര നദിയിൽ 860 കോടി രൂപയിലധികം വിലമതിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും  തറക്കല്ലിടും.

✪✪✪

പാചക എണ്ണകളുടെ ചില്ലറ വിൽപ്പന വില കുറയ്ക്കുന്നതിനും ആഭ്യന്തര ഉത്പാദകരെ സംരക്ഷിക്കുന്നതിനും അവയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ കേന്ദ്രം പത്ത് ശതമാനമായി കുറച്ചു. അസംസ്കൃത പാം ഓയിൽ, സോയാബീൻ ഓയിൽ, സൺഫ്ലവർ ഓയിൽ എന്നിവയുടെ തീരുവയാണ് കുറച്ചത്. കുറവ് ഉടൻ പ്രാബല്യത്തിൽ വരും.

നേരത്തെ ഈ മൂന്ന് അസംസ്കൃത ഭക്ഷ്യ എണ്ണകളുടെയും തീരുവ 20 ശതമാനമായിരുന്നു. ഇന്ത്യയുടെ ആഭ്യന്തര ഭക്ഷ്യ എണ്ണ ആവശ്യകതയുടെ 50 ശതമാനത്തിലധികം ഇറക്കുമതി ചെയ്യുകയാണ്. 2023-24 എണ്ണ വിപണന വർഷത്തിൽ ഇന്ത്യ 159.6 ലക്ഷം ടൺ ഭക്ഷ്യ എണ്ണകൾ ഇറക്കുമതി ചെയ്തിരുന്നു.

അതേസമയം, സംസ്കരിച്ച എണ്ണയുടെ അടിസ്ഥാന കസ്റ്റംസ് തീരുവ 32.5 ശതമാനമായി തുടരും.

✪✪✪

തീവ്രവാദത്തെ ഇല്ലാതാക്കാൻ ഇന്ത്യയുടെ ഉറച്ച നിലപാടിന് ശക്തി പകരുന്നതിനായി, സർവകക്ഷി പാർലമെന്റി പ്രതിനിധി സംഘങ്ങൾ വിവിധ രാജ്യങ്ങളിൽ സന്ദർശനം തുടരുന്നു. ഡോ. ശശി തരൂർ എം പിയുടെ നേതൃത്വത്തിൽ സംഘം കൊളംബിയയിലെത്തി.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്...........

BJP എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സംഘം നിലവിൽ ഡെൻമാർക്കിലാണ് സന്ദർശനം നടത്തുന്നത്. ഡാനിഷ് പാർലമെന്റിന്റെ വിദേശനയ സമിതി അധ്യക്ഷൻ ക്രിസ്റ്റ്യൻ ഫ്രിസ് ബാച്ചിനെയും ഡാനിഷ് എംപി ട്രൈൻ പെർട്ടു മാച്ചിനെയും സംഘം ഇന്നലെ സന്ദർശിച്ചു. ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച ആദ്യ രാജ്യം ഡെൻമാർക്കാണെന്നും തീവ്രവാദത്തിനെതിരായ ഇന്ത്യയുടെ നിലപാട് ഡെൻമാർക്ക് മനസ്സിലാക്കുന്നുണ്ടെന്നും കൂടിക്കാഴ്ചക്ക് ശേഷം രവിശങ്കർ പ്രസാദ് പറഞ്ഞു.

DMK എംപി കനിമൊഴിയുടെ നേതൃത്വത്തിൽ മറ്റൊരു സംഘം നിലവിൽ ലാത്വിയയിലാണ് സന്ദർശനം നടത്തുന്നത്. റിഗയിലെ നാഷണൽ ലൈബ്രറിയിൽ സ്ഥാപിച്ച മഹാത്മാഗാന്ധിയുടെ പ്രതിമയിൽ സംഘം പുഷ്പാർച്ചന നടത്തി. ലാത്വിയയിലെ ഉന്നത നേതാക്കളുമായി സംഘം കൂടിക്കാഴ്ചയ നടത്തി.

BJP എംപി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം അൾജീരിയയിലും NCP-SCP  എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സംഘം എത്യോപ്യയിലും എത്തിച്ചേർന്നിട്ടുണ്ട്.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, 1947-48ലെ ഇന്ത്യ - പാക്ക് യുദ്ധത്തിൽ വീരമൃത്യു വരിച്ച, രാജ്യത്തെ ആദ്യ പരംവീര ചക്ര പുരസ്കാര ജേതാവ് മേജർ സോമനാഥ് ശർമയെ അനുസ്മരിക്കുന്നു.

.....ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്........

1923 ജനുവരിയിൽ ഹിമാചൽ പ്രദേശിലാണ് മേജർ സോമനാഥ് ശർമ്മയുടെ ജനനം. 1942 ഫെബ്രുവരിയിൽ അദ്ദേഹം കുമയോൺ റെജിമെന്റിൽ നിയമിക്കപ്പെട്ടു. 1947 ഒക്ടോബറിൽ പാകിസ്ഥാൻ ജമ്മു കശ്മീരിൽ ആക്രമണം നടത്തിയപ്പോൾ താഴ്വരയെ പ്രതിരോധിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് മേജർ സോമനാഥായിരുന്നു.

കൈക്ക് പ്ലാസ്റ്റർ ഇട്ടിരുന്നിട്ടും, മേജർ സോമനാഥ് ശർമ്മ സൈന്യത്തെ ധീരമായി നയിച്ചു. 1947 നവംബർ മൂന്നിന് ബഡ്ഗാമിന് സമീപമുള്ള സ്ഥലത്താണ് സോമനാഥ് ശർമയുടെ കമ്പനിക്ക് ചുമതലയുണ്ടായിരുന്നത്. ഉച്ചയ്ക്ക് 2:35 ഓടെ, ഏകദേശം 700 ഓളം വരുന്ന ശത്രു സൈന്യം ചെറു ആയുധങ്ങളും മോർട്ടാറുകളും യന്ത്രത്തോക്കുകളുമായി അവരെ അപ്രതീക്ഷിതമായി ആക്രമിച്ചു. ഇത് ഇന്ത്യൻ പക്ഷത്ത് കനത്ത ആൾനാശമുണ്ടാക്കി. പക്ഷേ, പിന്മാറാൻ വിസമ്മതിച്ച മേജർ ശർമ്മ വെടിക്കോപ്പുകൾ പരിമിതമായിരുന്നിട്ട് പോലും സധൈര്യം മുന്നിൽ നിന്ന് പൊരുതി.

ശക്തമായ ഈ പോരാട്ടം തുടരുന്നതിനിടെ മേജർ ശർമയുടെ മുന്നിൽ ഒരു മോർട്ടാർ ഷെൽ വീണ് പൊട്ടിത്തെറിക്കുകയും അദ്ദേഹം വീരമൃത്യു വരിക്കുകയും ചെയ്തു. 25ാം വയസ്സിൽ ധീരമായി പോരാടി വീരമൃത്യു വരിച്ച

മേജർ സോമനാഥ് ശർമയെ മരണാനന്തരം പരമവീരചക്രം നൽകി രാജ്യം ആദരിച്ചു. മേജർ സോമനാഥ് ശർമ്മയെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. മറ്റ് എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, കർണാടക തീരങ്ങളിൽ ഇന്നും നാളെയും ലക്ഷദ്വീപ് തീരത്ത് ചൊവ്വാഴ്ച്ച വരെയും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ മൂന്ന് ജില്ലകളിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കലക്ടർമാർ അവധി പ്രഖ്യാപിച്ചു. കൊല്ലം, കോട്ടയം, ഇടുക്കി ജില്ലകൾക്കാണ് ഇന്ന് അവധി.

✪✪✪

കാസർകോട് ജില്ലയിലെ മൊഗ്രാൽ, നീലേശ്വരം, ഉപ്പള നദികളിൽ ഓറഞ്ച് ജാഗ്രതയും, കാര്യങ്കോട് നദിയിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂരിൽ ശക്തമായ മഴ തുടരുന്നു. പലയിടത്തും വ്യാപകമായ നാശനഷ്ടമുണ്ടായി.

കണ്ണൂർ പയ്യന്നൂർ കാനായി മുക്കൂട് പാലത്തിന് സമീപം ഇന്നലെ രാത്രി കാർ പുഴയിൽ ഒഴുകിപ്പോയി. കാറിലുണ്ടായിരുന്ന മൂന്ന് യാത്രക്കാർ രക്ഷപ്പെട്ടു.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് പാട്യം മുതിയങ്ങയിൽ തോട്ടിൽ വീണതായി സംശയിക്കുന്ന സ്ത്രീക്കായി തിരച്ചിൽ ഇന്നും തുടരും. മുതിയങ്ങ വിനോദ് ഭവനിൽ നളിനിയെയാണ് കാണാതായത്.

✪✪✪

മഴ തുടരുന്ന സാഹചര്യത്തിൽ, ഇന്ന് തൃശൂർ വാഴാനി അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്ന് അധികജലം പുറത്തേക്ക് ഒഴുക്കാൻ ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ നിർദേശം നൽകി. 2005ലെ ദുരന്തനിവാരണ നിയമ പ്രകാരമാണ് ഉത്തരവ്.

✪✪✪

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂരിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് രണ്ട് കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റി. പലയിടത്തും കാറ്റിൽ മരങ്ങൾ വീണു.

✪✪✪

ഇടുക്കിയിൽ മലയോര മേഖലകളിലെ രാത്രി യാത്രാ നിരോധനം തുടരുകയാണ്. കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ മൂന്നാർ ഗ്യാപ്പ് റോഡ് പൂർണ്ണമായും അടച്ചു.

മലങ്കര, പാംബ്ള, കല്ലാർകൂട്ടി, പൊൻമുടി അണക്കെട്ടുകൾ തുറന്ന് വിട്ടിരിക്കുകയാണ്. തീരപ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ കർശന നിർദ്ദേശം നൽകി.

✪✪✪

ഇടുക്കി പാറത്തോട് തോട്ടിൽ വീണ് ഒരാൾ മരിച്ചു. പുത്തൻപറമ്പിൽ ബാബുവാണ് മരിച്ചത്.

✪✪✪

മഴക്കെടുതിയെ തുടർന്ന് ആലപ്പുഴ ജില്ലയിലെ നാല് താലൂക്കുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 26 ക്യാമ്പുകളിലായി 851 കുടുംബങ്ങളെയാണ് നിലവിൽ മാറ്റി പാർപ്പിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് തുടരുന്ന ശക്തമായ കാറ്റിലും മഴയിലും KSEBക്ക് വൻനാശനഷ്ടം. നിലവിലെ കണക്കുകൾ പ്രകാരം 2,656 ഹൈടെൻഷൻ പോസ്റ്റുകളും, 19,513 ലോടെൻഷൻ പോസ്റ്റുകളും തകർന്നു.

വിതരണ മേഖലയിൽ ഏകദേശം 138 കോടി 87 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്.

✪✪✪

ശക്തമായ മഴയും കാറ്റും ഏറ്റവും കൂടുതൽ ബാധിച്ചത് വൈദ്യുതി മേഖലയെയാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. നിരവധി വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞു. തകരാറിലായ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരികയാണെന്ന് മന്ത്രി ഇടുക്കിയിൽ അറിയിച്ചു.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അൽപ സമയത്തിനകം ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

..........വോയ്സ്.......

187 കാഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കി പരേഡിൽ അണിരക്കുക. ഇതിൽ 42 വനിതാ കാഡറ്റു കളും ഉൾപ്പെടും. ബംഗ്ലാദേശ്, ശ്രീ ലങ്ക, ടാൻസാനിയ ,തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ആറുപേരും അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കി പരേഡിൽ പങ്കെടുക്കും. ദക്ഷിണ നാവിക സേന മേധാവി വൈസ് അഡ്മിൻ വി ശ്രീനിവാസ് സല്യൂട്ട് സ്വീകരിക്കും ഇന്നലെ നടന്ന ഇരുപത്തഞ്ചാമത് ബിരുദദാന ചടങ്ങിൽ ബ്രഹ്മോസ് ഡയരക്ടർ ജനറല് ഡോ.ജയതീരഥ് ആർ.ജോഷി മുഖ്യാതിഥിയായി. പരിശീലനക്കാലത്ത് കാഡറ്റുകള് ആർജിച്ച വിവിധ അഭ്യാസമുറകളുടെ പ്രദർശനവും ഉണ്ടായിരുന്നു.

✪✪✪

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. പുകയില ഉപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. പുകയിലയുടെ ദുരന്തവും അത് മൂലമുണ്ടാകുന്ന തടയാൻ സാധിക്കുന്ന മരണങ്ങളും രോഗങ്ങളും ലോകശ്രദ്ധയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 1987-ലാണ് ആദ്യമായി ലോക പുകയില വിരുദ്ധ ദിനം ആചരിച്ചത്.

✪✪✪

ചണ്ഡീഗഡിൽ IPL ക്രിക്കറ്റിൽ, ഗുജറാത്ത് ടൈറ്റൻസിനെ 20 റൺസിന് പരാജയപ്പെടുത്തി മുംബൈ ഇന്ത്യൻസ് രണ്ടാം ക്വാളിഫയറിലെത്തി. തോൽവിയോടെ ഗുജറാത്ത് പുറത്തായി.

നാളെ പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ഗുജറാത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

ബാങ്കോക്കിൽ നാലാമത് തായ്ലൻഡ് ഓപ്പൺ ഇന്റർനാഷണൽ ബോക്സിംഗ് ടൂർണമെന്റിൽ ഇന്ത്യയുടെ കിരണും ദീപക്കും ഫൈനലിൽ കടന്നു. വനിതകളുടെ 80 കിലോ സെമിഫൈനലിൽ ഉക്രെയ്ൻ താരത്തെയാണ് കിരൺ പരാജയപ്പെടുത്തിയത്.

പുരുഷന്മാരുടെ 75 കിലോഗ്രാം വിഭാഗത്തിൽ, തായ്ലൻഡ് താരത്തെ പരാജയപ്പെടുത്തിയാണ് ദീപക്കിന്റെ ഫൈനൽ പ്രവേശം.

✪✪✪

ക്യാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിൻ ആരോഗ്യം ആനന്ദം 2.0 ക്ക് ഇന്ന് വയനാട്ടിൽ തുടക്കമാകും. രണ്ടാംഘട്ട ക്യാമ്പയിനിൽ പുരുഷന്മാരിലെ അർബുദ പരിശോധനയ്ക്കാണ് പ്രാധാന്യം നൽകുന്നത്. വദനാർബുദം, വൻകുടലിലെ ക്യാൻസർ എന്നിവയുടെ പരിശോധനയും ചികിത്സയും ക്യാൻസർ പ്രതിരോധ ബോധവത്കരണ പരിപാടികളുമാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

✪✪✪

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ഇന്നത്തെ മുഴുവൻ പരിപാടികളും മാറ്റിവെച്ചതായി മന്ത്രിയുടെ ഓഫീസ് അറിയിച്ചു. പനിയെ തുടർന്ന് ഡോക്ടർ വിശ്രമം നിർദ്ദേശിച്ചതിനെ തുടർന്നാണ് പരിപാടികൾ മാറ്റിവച്ചത്.

✪✪✪

പെൺകുട്ടികൾ അഭിമാനമാകുന്ന മാനസിക പരിവർത്തനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്ത്രീശാക്തീകരണ പദ്ധതികൾ കാരണമായെന്ന് BJP ദേശീയ സമിതിയംഗം CK പത്മനാഭൻ പറഞ്ഞു. BJP സിറ്റി കോഴിക്കോട് ജില്ലാകമ്മറ്റി സംഘടിപ്പിച്ച റാണി അഹല്യാഭായ് ഹോൾക്കറുടെ തൃശതാബ്ദിസ്മൃതി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലേക്ക് ലഹരി എത്തിക്കുന്ന സംഘത്തിലെ പ്രധാനി മലപ്പുറം വണ്ടൂർ സ്വദേശി അരുണിനെ കുന്ദമംഗലം പോലീസ് കസ്റ്റഡിയിലെടുന്നു.

കഴിഞ്ഞ ജനുവരിയിൽ കുന്ദമംഗലം പോലീസ് രജിസ്റ്റർ ചെയ്ത MDMA കേസിൽ 6-ാം –പ്രതിയാണ് അരുൺ.

✪✪✪

കോഴിക്കോട് കോർപറേഷൻ അഴിമതിക്കും ദുർഭരണത്തിനുമെതിരെ ഇന്ന് കോൺഗ്രസ് കോർപറേഷൻ വളയൽ സമരം നടത്തും.

മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

✪✪✪

*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അനുഷ ആത്മപ്രകാശ്, രജ്ന കെ*
*DEO : സി കെ സുബോധ്*